**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **23-08-2022 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ജനറൽ ഒ.പി. പരിശോധനയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തിക ഇല്ലാത്തതിനാൽ ജനറൽ വിഭാഗം രോഗികളെയും എൻ.സി.ഡി. രോഗികളെയും അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്ക് പരിശോധിക്കേണ്ടിവരുന്നതുമൂലം രോഗികളും ഡോക്ടർമാരും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽ ഒരു അസിസ്റ്റന്റ് ഡയറക്ടർ, 11 സ്പെഷ്യാലിറ്റി ഡോക്ടർമാർ, 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നിങ്ങനെ 16 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ടി തസ്തികകളിലെല്ലാം ഡോക്ടർമാർ ജോലി ചെയ്തുവരുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെ ഡോക്ടർമാരുടെ തിരക്ക് കുറക്കുന്നതിനായി രണ്ട് ഡോക്ടർമാരെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ